# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2611 — 12.02.2019-ൽ മറുപടിയ്ക്ക്

## നാടക നടി പി.കെ.രുക്മിണിക്ക് ചികിത്സാസഹായം

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്:**

എ) മലയാള നാടകവേദിയിലും സിനിമകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ആദ്യകാല നാടക നടിയായ ചോറ്റാനിക്കര കരക്കാട്ട് വീട്ടിൽ പി.കെ. രുക്മിണിക്ക് അർഹതപ്പെട്ട അംഗീകാരം ലഭ്യമാക്കാനും രോഗത്താൽ ബുദ്ധിമുട്ടുന്ന ടിയാൾക്ക് ചികിത്സാസഹായം അനുവദിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

ബി) ഇത് സംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ സി 3/421/2018 നമ്പർ ഫയലിൽ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

സി) ഈ കലാകാരിയുടെ ആരോഗ്യസ്ഥിതിയും പ്രായാധിക്യവും കണക്കിലെടുത്ത് അപേക്ഷ അടിയന്തരമായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ.എ.കെ.ബാലൻ**
**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

എ) യും ബി) യും സി) യും സിനിമാ-നാടക കലാകാരിയായിരുന്ന ശ്രീമതി പി.കെ.രുശ്മിണി ചികിത്സാ ചെലവുകൾക്ക് സഹായം നൽകണമെന്നും സംസ്ഥാന സർക്കാരിൽ നിന്ന് ഒരു അവാർഡ് നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ് MLA മുഖേന ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൽ, അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായം നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതി പ്രകാരം ശ്രീമതി.രുക്മിണിക്ക് 2010-11 സാമ്പത്തിക വർഷത്തിൽ 50,000/- രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 10,000/- രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 45,000/- രൂപയും അനുവദിച്ചിരുന്നതായി കാണുകയുണ്ടായി.

സാംസ്കാരിക വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ഒരിക്കൽ മാത്രമേ ചികിത്സാ ധനസഹായത്തിനർഹതയുള്ളൂ. നിലവിലുള്ള പദ്ധതി പ്രകാരം ഒരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 1,00,000/- യാണ്. അപേക്ഷകയുടെ ആരോഗ്യസ്ഥിതിയും പ്രായാധിക്യവും കണക്കിലെടുത്ത് വിവിധ സാമ്പത്തിക വർഷങ്ങളിലായി അപേക്ഷകയ്ക്ക് 1,05,000-രൂപ ഇതിനകം ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതിനാൽ, ചികിത്സാ ധനസഹായം അനുവദിക്കണമെന്ന ആവശ്യം നിരസിക്കുകയും, അവാർഡ് നൽകുന്നത് ബന്ധപ്പെട്ട അക്കാദമികൾ അതാത് കാലങ്ങളിലെ കലാരംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് എന്നതിനാൽ അവാർഡ് സംബന്ധമായി കേരള സംഗീത നാടക അക്കാദമിയുമായി ബന്ധപ്പെടുന്നതിന് അപേക്ഷകയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**